നമ്പർ. സി2/17372/റ്റിസി/2014

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 2410.2014

**പരിപത്രം 19/2014**

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്*— റോഡപകടങ്ങൾ - ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുന്നത്- സംബന്ധിച്ച്.

സൂചന:-

1. സർക്കുലർ 21/2008
2. 20.10.2014ലെ സി1/20702/റ്റി.സി/2007 നമ്പർ കത്ത്
3. 31.05.2012ലെ സി1/20701/റ്റി.സി/2007 നമ്പർ കത്ത്
4. 17.12.2011ലെ സി2/24427/റ്റി.സി/2011 നമ്പർ കത്ത്
5. തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെ ഡി2-16033/2014/ആർ.സി തീയതി 7.8.2014 നമ്പർ കത്ത്

മദ്യപിച്ച് വാഹനമോടിയ്ക്കുന്നവരുടെ ലൈസൻസ് ലൈസൻസ് സസ്പെന്റ് ചെയ്യുന്ന നടപടിക്രമത്തിൽ കാലതാമസം ഏർപ്പെടുന്നെന്ന് തൃശ്ശൂർ ജില്ലാ പോലീസ് മേധാവി പരാമർശം 4 മുഖേന അറിയിച്ചിരിയ്ക്കുന്നു. ഇതു സംബന്ധിച്ച നിർദ്ദേശം പരാമർശം 1 പ്രകാരം ഇതിനകം തന്നെ നൽകിയിട്ടുള്ളതാണ്.

തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതെന്നും നേരത്തെ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും പോലീസിൽനിന്ന് ലൈസൻസ് അയോഗ്യത കൽപ്പിയ്ക്കുന്നതിന് ലഭിയ്ക്കുന്ന റിപ്പോർട്ടുകളിന്മേൽ, കാലതാമസം കൂടാതെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ലൈസൻസിയ്ക്ക് മോട്ടോർ വാഹന നിയമം 19)ം വകുപ്പിൽ അനുശാസിയ്ക്കും പ്രകാരം തന്റെ ഭാഗം വിശദീകരിയ്ക്കുന്നതിന് അവസരം നൽകുകയും, അതിന്റെ കൂടി അടിസ്ഥാനത്തിൽ പ്രസ്തുത ഡ്രൈവറുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിന് പ്രസക്തമായ കാര്യങ്ങൾ ഉണ്ടോ എന്ന് വിലയിരുത്തി ലൈസൻസ് സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണ്. കൂടാതെ ഗുരുതരമായ അപകടത്തിൽപെടുന്ന വാഹനങ്ങൾ പരിശോധിയ്ക്കുമ്പോൾതന്നെ ബന്ധപ്പെട്ട പരിശോധകർ അപകടസമയം വാഹനമോടിച്ചിരുന്ന ഡ്രൈവറുടെ ലൈസൻസ് വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട ഓഫീസ് മുഖേന സസ്പെൻഷൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. അസൽ ലൈസൻസ് ലഭ്യമല്ല എന്ന കാരണത്താൽ ഈ

വിഷയത്തിൽ വീഴ്ച വരുത്തരുത്. ഇതു സംബന്ധിച്ചുള്ള മുൻനിർദ്ദേശങ്ങൾ കർശ്ശനമായി പാലിയ്ക്കേണ്ടതാണ്.

ലൈസൻസിംഗ് അതോറിറ്റിയിൽ ലൈസൻസിന് അയോഗ്യത കൽപ്പിയ്ക്കുന്നതിനുള്ള അധികാരം മോട്ടോർ വാഹന നിയമം 19-)ം വകുപ്പ് പ്രകാരമാണ് നിക്ഷിപ്തമായിരിയ്ക്കുന്നത്. 20-)ം വകുപ്പ് പ്രകാരം ഈ അധികാരം കോടതികൾക്കും ഉണ്ട്. എന്നാൽ ഈ രണ്ട് അധികാരങ്ങളും വ്യത്യസ്ത കർത്തവ്യമണ്ഡലത്തിൽ ആയതിനാൽ ഡ്രൈവർ കുറ്റം ചെയ്തിട്ടുണ്ടോ എന്ന് കോടതി തെളിയിയ്ക്കാതെ തന്നെ ലൈസൻസിംഗ് അതോറിറ്റി സംഭവം നടന്ന ഉടനെ തന്നെ 19-)ം വകുപ്പ് അനുശാസിയ്ക്കുന്ന കാര്യങ്ങൾ നിലനിൽക്കുന്നു എന്ന് പ്രഥമദൃഷ്ട്യാ ബോധ്യമാകുന്നു എങ്കിൽ ലൈസൻസിന് അയോഗ്യത കൽപ്പിയ്ക്കാവുന്നതാണ്.

കുറ്റക്കാരായ ഡ്രൈവർമാർക്കെതിരെ നടപടിയെടുക്കേണ്ടതും, നല്ല രീതിയിൽ വാഹനമോടിയ്ക്കുന്നവരെ പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്യേണ്ടത് സുരക്ഷയിലൂന്നിയ ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കുന്നതിന് ആവശ്യമാണ്. അപകടകരമായും, അലക്ഷ്യമായും വാഹനമോടിയ്ക്കുന്ന വ്യക്തി അതിനനുസരിച്ച് ശിക്ഷയ്ക്ക് വിധേയനാവുകയും, നിരപരാധികൾ പീഡിപ്പിയ്ക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുകയും വേണം എന്നു കൂടി അറിയിയ്ക്കുന്നു.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

പ്രേഷകർ

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

പകർപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, സീനിയർ ലാ ഓഫീസർ എന്നിവരുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ

24/10/14
24/10/14